**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 428**
**29/01/2019-ലെ മറുപടിക്ക്**

**<u>തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ</u>**

| **ചോദ്യം**<br>**ശ്രീ.സി.കെ.ശശീന്ദ്രൻ**<br>**(ബഹു. എം.എൽ.എ)** | | **ഉത്തരം**<br>**ഡോ.ടി.എം. തോമസ് ഐസക്ക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സർവ്വീസിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള എത്ര പ്രൊപ്പോസലുകൾ ധനവകുപ്പിന്റെ മുമ്പാകെ വന്നിട്ടുണ്ട്; വകുപ്പ് തിരിച്ച് വിവരങ്ങൾ നൽകാമോ; | തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന ശുപാർശകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ധനവകുപ്പിൽ ലഭിക്കുന്ന ശുപാർശകൾ നിലവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്ക് അനുസൃതമായി തസ്തിക സൃഷ്ടിക്കലിന്റെ ഭരണപരമായ ആവശ്യകത വിലയിരുത്തി സംസ്ഥാനത്തിന്റെ പൊതു സാമ്പത്തികസ്ഥിതി കൂടി പരിഗണിച്ചാണ് അംഗീകാരം നൽകാമോ എന്നതിൽ തീരുമാനം കൈക്കൊള്ളുന്നത്. |
| (ബി) | ഇതിൽ എത്ര പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി 15095 തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | ഇനി എത്ര പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകാൻ ബാക്കിയുണ്ട്; അവയ്ക്ക് എന്ന് അംഗീകാരം നൽകാനാകുമെന്ന് വ്യക്തമാക്കാമോ? | എത്ര പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകാൻ ബാക്കിയുണ്ടെന്ന വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. നിലവിൽ തസ്തിക സൃഷ്ടിക്കാനായി സമർപ്പിച്ചിട്ടുള്ള എല്ലാ തസ്തികകൾക്കും എന്നത്തേക്ക് അംഗീകാരം നൽകാൻ കഴിയുമെന്ന് ഇപ്പോൾ വ്യക്തമാക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ